മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ സംവരണം നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ഉദ്യോഗ നിയമനങ്ങളിൽ 3 ലക്ഷം (മൂന്നു ലക്ഷം) രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവരെയും കേന്ദ്ര സർക്കാർ ഉദ്യോഗ നിയമനങ്ങളിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവരെയുമാണ് ക്രീമിലെയറിൽപ്പെട്ടവരായി കണക്കാക്കുന്നത്.

(ബി) അല്ല.

(സി) കേന്ദ്ര ഗവൺമെന്റിന്റെ കാര്യത്തിൽ ഒരു ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റിന്റെ കാര്യത്തിൽ 3 ലക്ഷം രൂപയുമാണ്.

(ഡി) ഭൂമിയിൽ നിന്നുമുള്ള വരവ്, വാടകയിനത്തിൽ ഉള്ളവരിൽ നിന്നും വാർഷിക സംരക്ഷണ ചെലവുകൾ കഴിച്ചുള്ള തുക ക്ലാസ്സ് 3, ക്ലാസ്സ് 4 ഒഴികെയുള്ള ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ശമ്പളവും അലവൻസുകളും, പ്രൊഫഷണൽ ഇനത്തിലും വ്യവസായത്തിലും ഉൾപ്പെടുന്നതുമായവരുടെ വരുമാനം, മൂലധനം, നിക്ഷേപത്തിൽനിന്നുള്ള വരവ് എന്നിവയാണ് കണക്കാക്കുന്നത്.

(ഇ) 1993 സെപ്റ്റംബർ 8-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും പരമ്പരാഗതമായി കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും കേന്ദ്ര സർക്കാർ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുള്ള വിഭാഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) അല്ല.

(ജി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ കുടുംബ വരുമാനം രേഖപ്പെടുത്താറില്ല.

ഖരമാലിന്യ സംസ്കരണത്തിനും ഡമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതിനും ഉള്ള വ്യവസ്ഥകൾ

*20 [170] ശ്രീ. തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ:
" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾ ഖരമാലിന്യ സംസ്കരണത്തിനും ഡമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതിനും 1986-ലെ കേന്ദ്ര മലിനീകരണ നിയന്ത്രണ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഡമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളെപ്പറ്റി പ്രസ്തുത നിയമത്തിൽ പ്രത്യേകം വിവക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങൾ ക്കടുത്ത് ഇത് സ്ഥാപിക്കുവാൻ പാടില്ലെന്ന് അറിയിക്കാമോ;

(സി) ഡമ്പിംഗ് യാർഡിന് സ്ഥലം കണ്ടെത്തുന്നതിനും ഒരുക്കുന്നതിനും പ്രസ്തുത നിയമത്തിൽ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്ത മുനിസിപ്പാലിറ്റികൾ ശിക്ഷാർഹരാണോ; എങ്കിൽ വ്യവസ്ഥ ചെയ്യുന്ന ശിക്ഷകൾ എന്തെല്ലാം;

(ഇ) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സമയപരിധിക്കുള്ളിൽ പാലിച്ച മുനിസിപ്പാലിറ്റികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(എഫ്) പ്രവർത്തനക്ഷമതയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായ മുനിസിപ്പാലിറ്റി ഏതാണെന്ന് അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ ആക്ടിലെ 3, 6, 25 സെക്ഷനുകൾ അനുസരിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മുനിസിപ്പൽ സോളിഡ് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) റൂൾസ്, 2000 Municipal Solid Waste (Management and Handling) Rules, 2000 പ്രകാരമാണ് നഗര സഭകളിൽ ഡമ്പിംഗ് യാർഡ് സ്ഥാപിക്കൽ, ഖരമാലിന്യ സംസ്കരണം എന്നിവ നടത്തേണ്ടത്. ഖരമാലിന്യ ശേഖരണം, സംഭരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ, സംസ്കരണം, നിർമ്മാർജ്ജനം തുടങ്ങിയ പ്രവൃത്തികൾ മേൽപ്പറഞ്ഞ ചട്ടത്തിന്റെ ഷെഡ്യൂൾ രണ്ടിൽ പറഞ്ഞപ്രകാരമാണ് ചെയ്യേണ്ടത്.

(ബി) ലാന്റ് ഫിൽ സൈറ്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളെപ്പറ്റി പ്രസ്തുത ചട്ടത്തിലെ ഷെഡ്യൂൾ 3-ൽ പറഞ്ഞിട്ടുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ, വനപ്രദേശങ്ങൾ, ജലാശയങ്ങൾ, സ്മാരകങ്ങൾ, ദേശീയ പാർക്കുകൾ, നിലങ്ങൾ, മതപരമായും ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവയ്ക്ക് അടുത്തും, എയർപോർട്ടിന്റെ 20 കി. മീ. പരിധിക്കുള്ളിലും ലാന്റ് ഫിൽ സൈറ്റ് പാടില്ല എന്ന് ബന്ധപ്പെട്ട ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 31-12-2002-നോ അതിനു മുമ്പോ ലാന്റ് ഫിൽ സൈറ്റിന് സ്ഥലം കണ്ടെത്തുന്നതിനും ഒരുക്കുന്നതിനും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. 31-12-2003-നോ അതിനു മുമ്പോ ഖരമാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനുമുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) ചട്ടത്തിൽ മുനിസിപ്പാലിറ്റികൾക്കെതിരെ സ്വീകരിക്കേണ്ട ശിക്ഷകളെക്കുറിച്ച് പറഞ്ഞിട്ടില്ല.

(ഇ) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായി ഒരു നഗരസഭയും പാലിച്ചിട്ടില്ല. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, ഗുരുവായൂർ നഗരസഭകൾ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. വടക്കൻ പറവൂർ, ചാലക്കുടി, മഞ്ചേരി നഗരസഭകൾ കമ്പോസ്റ്റിംഗ് വഴി സംസ്കരണം നടത്തി വരുന്നു. പത്തോളം നഗരസഭകളിൽ ഖരമാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങുന്ന നടപടി അവസാനഘട്ടത്തിലാണ്. മറ്റു നഗരസഭകൾ സ്ഥലം വാങ്ങിക്കഴിഞ്ഞു. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒന്നാം സ്ഥാനത്തിന് അർഹമായ മുനിസിപ്പാലിറ്റിയെ കണ്ടെത്തിയിട്ടില്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

*21 [171] ശ്രീ. ബിനോയ് വിശ്വം:
,, കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്കിനു വേണ്ടിയുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ശതമാനം പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വേയ്ക്കുവേണ്ടിയുള്ള ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പത്താം പദ്ധതിക്കാലത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായുള്ള ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ സെൻസസ് പൂർത്തിയായിട്ടുണ്ട്. സെൻസസ് ഫോറങ്ങളിലെ വിവരങ്ങൾ ഇപ്പോൾ കമ്പ്യൂട്ടറൈസ് ചെയ്തുവരുന്നു. ഈ ജോലി പൂർത്തിയായശേഷം മാത്രമേ നിലവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ശതമാനം പേരുണ്ടെന്ന് വ്യക്തമാകുകയുള്ളൂ.

(ബി, സി) ഉണ്ട്. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഭാഗം (എ)-ൽ കുടുംബത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഭാഗം (ബി) ദാരിദ്ര്യ നിർണ്ണയത്തിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ളതാണ്. ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതിയനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ

LIBRARY ARCHIVES Kerala Legislative Assembly